5

ഇ.എം. (3) 24557/14.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി :15.12.2015

Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

# സർക്കുലർ 51/15

വിഷയം: സഹകരണ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം- സഹകരണ പരിശീലന യോഗ്യതയിൽ നിന്നും ഇളവ് - 2.2.2009-ലെ 6/2009 നമ്പർ സർക്കുലർ റദ്ദ് ചെയ്ത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. രജിസ്ട്രാറുടെ 2.2.2009-ലെ 6/2009 നമ്പർ സർക്കുലർ.
2. 09.06.2015-ലെ 307/2015/സഹ.(സാധാ.)നമ്പർ സർക്കാർ ഉത്തരവ്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സഹകരണ സംഘങ്ങളിലെ /ബാങ്കുകളിലെ സബ്സ്റ്റാഫ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിന് സഹകരണ പരിശീലന യോഗ്യതയിൽ നിന്നും ഇളവിനായി സഹകരണ സംഘം രജിസ്ട്രാർ/സർക്കാർ മുമ്പാകെ അപേക്ഷകൾ സമർപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജെ.ഡി.സി. യോഗ്യതയിൽ നിന്നും ഒരു പ്രാവശ്യം ഇളവനുവാദം വാങ്ങിയിട്ടുള്ള ജീവനക്കാർക്ക് തുടർന്നുള്ള ഉദ്യോഗക്കയറ്റങ്ങൾക്ക് വീണ്ടും ജെ.ഡി.സി. യോഗ്യതയിൽ നിന്നും ഇളവനുവാദം വാങ്ങേണ്ടതില്ലായെന്ന് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ സബ്സ്റ്റാഫ് വിഭാഗത്തിന് മുകളിൽ നിയമനം ലഭിക്കുന്നതിന് നിശ്ചിത വിദ്യാഭ്യാസയോഗ്യതയോടൊപ്പം ജെ.ഡി.സി / എച്ച്.ഡി.സി യോഗ്യതയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയിൽ നിന്നും ഇളവ് അനുവാദം നൽകുവാൻ കേരള സഹകരണ സംഘം നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥയില്ല. കൂടാതെ കേരള സഹകരണസംഘം ചട്ടങ്ങളിലെ ചട്ടം 185 (4) (ജി) യിൽ ഓരോ കേഡറിലും ഉദ്യോഗക്കയറ്റം നൽകുന്നവേളയിൽ നിശ്ചിതവിദ്യാഭ്യാസ യോഗ്യതയിൽ

നിന്നും ഓരോ തവണയും ഇളവ് നേടേണ്ടതുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും, ജെ.ഡി.സി. യോഗ്യതയിൽ നിന്നും ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്ത സാഹ ചര്യത്തിലും 6/2009 നമ്പർ സർക്കുലർ നിലനിൽക്കുന്നതല്ലാത്തതിനാൽ പ്രസ്തുത സർക്കുലർ അടിയന്തരമായി റദ്ദു ചെയ്യുന്നതിന് സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 02.02.2009-ലെ 6/2009-ാം നമ്പർ സർക്കുലർ ഇതിനാൽ റദ്ദു ചെയ്യുന്നു. മേലിൽ യാതൊരു കാരണവശാലും സഹകരണ പരിശീലന യോഗ്യതയിൽ നിന്നും ജീവനക്കാർക്ക് ഇളവ് നൽകുന്നതല്ല.

പ്രസ്തുത വിഷയം എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും അവരവരുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)

എസ്.ലളിതാംബിക .ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ.

<u>പകർപ്പ്</u>

1. എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും.
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
3. എഡിറ്റർ, സഹകരണവീഥി.
4. എഡിറ്റർ , സഹകരണജേർണൽ.
5. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)